# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2457** **23.01.2014- ൽ മറുപടിക്ക്**

**കേരളത്തിലെ കൈത്തറി വ്യവസായത്തെ സംരക്ഷിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.തോമസ് ചാണ്ടി**<br>**ശ്രീ.എ.കെ.ശശീന്ദ്രൻ** | | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ കൈത്തറി സംഘങ്ങളുടെ കടം എഴുതിത്തള്ളുന്നതിന് കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ കൈത്തറി സംഘങ്ങളുടെ കടം എഴുതിത്തള്ളുന്നതിന് കേന്ദ്രസർക്കാർ, നിർവ്വഹണ ഏജൻസിയായ നബാർഡിന് 18.8155 കോടി രൂപ അനുവദിച്ച നൽകുകയുണ്ടായി. |
| (ബി) | കേന്ദ്രസർക്കാർ അനുവദിച്ച തുകയിൽ നിന്ന് എത്ര തുക കൈത്തറി സംഘങ്ങളുടെ കടം എഴുതി തള്ളുന്നതിന് വിനിയോഗിച്ചെന്ന് വെളിപ്പെടുത്താമോ; | (ബി) | അനുവദിച്ച തുകയായ 18.8155 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചു. |
| (സി) | കൈത്തറി വ്യവസായത്തെ സംരക്ഷിക്കുവാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (സി) | കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1.അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് സബ്സിഡി.<br>2. നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം.<br>3.ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 20% റിബേറ്റും കൈത്തറി തുണികളുടെ വിൽപനയ്ക്ക് 10% മാർക്കറ്റിംഗ് ഇൻസെന്റീവും (5% സംസ്ഥാനം വഹിക്കുന്നു, 5% കേന്ദ്രം വഹിക്കുന്നു.)<br>4.വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലത്തോട് അനുബന്ധിച്ച് ജില്ല തോറും കൈത്തറി പ്രദർശനങ്ങൾ, വിൽപനമേളകൾ എന്നിവ സംഘടിപ്പിക്കുന്നു. |

| | | | |
|---|---|---|---|
| | | | 5. കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ സബ്സിഡി.<br>6.ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സഹായം നൽകുന്നു.<br>7.കൈത്തറി നെയ്ത്തുകാർക്ക് കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായ വിലക്ക് യഥാസമയം ലഭിക്കുന്നതിനായി 7 യാൺ ബാങ്കുകൾക്ക് ധനസഹായം.<br>8.കേന്ദ്രഗവൺമെന്റിന്റെ ക്ലസ്റ്റർ വികസന പദ്ധതി നടപ്പാക്കൽ.<br>9.കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം.<br>10.പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം.<br>11. കൈത്തറി നെയ്ത്തു സംഘങ്ങൾക്കും ഫാക്ടറി ടൈപ്പ് സംഘങ്ങൾക്കും പ്രീലൂം പ്രോസസിംഗിൽ ഭാഗികയന്ത്രവൽക്കരണത്തിന് 100% ഗ്രാന്റ്.<br>12.കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിന് പരിശീലനം.<br>13.അംശദാന മിതവ്യയ പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് സാമ്പത്തിക പദ്ധതി.<br>14.ഫാക്ടറിയേതര സൊസൈറ്റികളിലൂടെ നെയ്ത്തു കാർക്ക് തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാന്റ്.<br>15.ആകർഷകമായ ഇൻസെന്റീവുകൾ നൽകി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് നെയ്ത്തുകാരേയും അനുബന്ധ തൊഴിലാളികളെയും പ്രവർത്തനോന്മുഖ മാക്കുന്നതിന് പ്രചോദനപരിപാടി.<br>16.കൈത്തറി മേഖലയിൽ കേന്ദ്ര ഗവൺമെന്റിന്റെ പുനരുദ്ധാരണപുനരാവിഷ്കൃത പാക്കേജ് നടപ്പിലാക്കൽ. |

സെക്ഷൻ ഓഫീസർ